(3) തളിപ്പറമ്പ് ബസ് സ്റ്റാൻഡിന് സ്ഥലം വിട്ടുകൊടുക്കൽ

ശ്രീ. സി.പി. മൂസ്സാൻകുട്ടി: സർ, തളിപ്പറമ്പ് താലൂക്കിന്റെ തലസ്ഥാനമായ തളിപ്പറമ്പ് ടൗണിൽ ഒരു ബസ് സ്റ്റാൻഡ് പോലും ഇല്ല എന്ന വളരെ ദുഃഖകരമായ സ്ഥിതിയാണുള്ളത്. വളരെക്കാല മായിട്ട് അവിടെ ഒരു ബസ് സ്റ്റാൻഡ് പണിയുന്നതിനെക്കുറിച്ച്, ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ പത്തിരുനൂറ് വാഹനങ്ങളും വരികയും പോകുകയും ചെയ്യുന്നുണ്ട്. അവിടെ താലൂക്ക് ഓഫീസിന്റെ മുൻപിൽ അര ഹെക്ടർ സ്ഥലം പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുണ്ട്. അത് വെറുതെ കിടക്കുക യാണ്. അവിടെ ഒരു പോലീസ് ലെയിനുണ്ട്, അവർക്കും താമസി ക്കാനുള്ള സൗകര്യങ്ങളില്ല. 1981—ലെ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ബോർഡ് അഞ്ചേകാൽ ലക്ഷം രൂപ ഡിപ്പോസിറ്റ് ചെയ്തു കോടതിക്ക്. അടുത്ത് ഒരു ഹെക്ടർ സ്ഥലം വാലുവേഷൻ കഴിഞ്ഞ് അക്വിസിഷൻ നടപ ടികളും സ്വീകരിച്ചു. അടിയന്തിരമായി പോലീസ് ഡിപ്പാർട്ടു മെന്റ് ബസ് സ്റ്റാൻറിന് ആ സ്ഥലം ഒഴിവാക്കിക്കൊടുക്കണം. കോടതിക്ക് അടുത്തുള്ള സ്ഥലം പോലീസ് സ്റ്റേഷനും പോലീസ് ക്വാർട്ടേഴ്സിനും കൊടുക്കണം. അങ്ങനെ ബസ് സ്റ്റാൻഡ് ഉണ്ടാക്കുക മാത്രമല്ല പോലീസുകാർക്ക് താമസസ്ഥലം എടുക്കുകകൂടി ചെയ്യണം. ആവശ്യമില്ലാതെ പോലീസു കാരേയും നാട്ടുകാരേയും തമ്മിൽ തല്ലിപ്പിക്കുന്ന നടപടി സ്വീക രിക്കരുത്. അവർക്ക് താമസസൗകര്യം ഉണ്ടാക്കുന്നതിന് വേണ്ടി അടിയന്തി രമായി ആ സ്ഥലം വിട്ടുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഇത് വളരെ നാളുകളായി ഗവൺമെന്റിന്റെ മുൻപിലിരിക്കുന്ന പ്രശ്നമാണ്. ഈ സ്ഥലം കൊടുക്കുന്നതിനോട് ഗവൺമെന്റിന് അനുഭാവ പൂർവ്വമായ സമീപനമാണ് ഉള്ളത്. ഗവൺമെന്റ് അത് കൊടു ക്കുകയില്ല എന്നു പറഞ്ഞിട്ടില്ല. പോലീസുകാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള സ്ഥലം ഏറ്റെടുത്ത് അതിനുള്ള നടപടികൾ ആരംഭിക്കുന്നതിന് അനുസരണമായി അത് വിട്ടുകൊടുക്കാ മെന്നാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളത്. അടിയന്തിരമായി എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ചർച്ച നടത്തി ക്കൊണ്ടിരിക്കുകയാണ്.

(4) മലപ്പുറം ഗവൺമെന്റാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, മലപ്പുറം ഗവൺമെന്റ് ആശുപത്രിയുടെ സ്ഥിതി വളരെ കഷ്ടമാണ്. അത് 20 കൊല്ല മായി കാത്തിരുന്നു കിട്ടിയ ആശുപത്രിയാണ്. 100 ബെഡ്ഡു കളുള്ള അവിടെ ആശുപത്രി കിട്ടിയിട്ട് മൂന്നുവർഷമായി. പക്ഷേ അവിടെ കിടക്കയില്ല, ഡോക്ടർമാരില്ല, ആവശ്യത്തിന് സ്റ്റാഫു മില്ല. ഇതു സംബന്ധിച്ച് ഒരു ഫയൽ സർക്കാരിന്റെ കയ്യിലിരി ക്കുവാൻ തുടങ്ങിയിട്ട് മൂന്നു വർഷമായി. ഈ മൂന്നു വർഷത്തെ സാമ്പത്തിക ബുദ്ധിമുട്ട് അനുവദിക്കുകയാണ്. ഈ കാര്യത്തിൽ മുഖ്യമന്ത്രി ശ്രദ്ധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഹോസ്പിറലിനു മൊത്തം ആവശ്യമായിട്ടുള്ള സ്ട്രങ്ത്തിനെക്കാൾ കൂടുതൽ ഡോക്ടർമാർ ഇന്നുണ്ട്. അതുകൊണ്ട് അവരെ ഡിപ്ലോയ് ചെയ്യണമെന്നുള്ള നിർദ്ദേശം വന്നതിന്റെ അടിസ്ഥാനത്തിൽ അതിനു വേണ്ടി ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ ഉടനെ ഡിപ്ലോയ്മെന്റ് നടക്കും. തസ്തികയെ സംബന്ധിച്ച് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഗവൺമെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ തസ്തിക അവിടെ സൃഷ്ടിക്കുന്നതാണ്.

(5) പാലക്കാട് ജില്ലയിലെ ചുള്ളിയാർ ഡാമിൽനിന്ന് വെള്ളം തുറന്നു വിടണമെന്ന ആവശ്യം

ശ്രീ. സി. വാസുദേവമേനോൻ: സർ, വളരെ നിസ്സാരമായ സംഭവം പോലും ഇവിടെ ഉന്നയിക്കേണ്ടിവരുന്നത് വളരെ ദയനീയമായ അവസ്ഥയാണ് പാലക്കാട് ജില്ലയിലെ ഗായത്രി പ്രോജക്ടിന്റെ രണ്ടാമത്തെ സ്റ്റേറേജാണ് ചുള്ളിയാർ ഡാം. പാലക്കാട് ജില്ലയിലെ മറ്റ് എല്ലാ ഡാമുകളും കൃഷിയാവശ്യത്തിനായി തുറന്നുവിട്ടുകഴിഞ്ഞിട്ടുണ്ട്. ചുള്ളിയാർ ഡാം തുറക്കാത്തതുകൊണ്ട് മൂന്നു പഞ്ചായത്തിലെ നെൽക്കൃഷി മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ വിചാരിച്ചാൽ ചെയ്യാവുന്ന കാര്യമാണോ ഇത്? അഡൈ്വസറി കമ്മിറ്റി കൂടി, ഈ സമയം കൊണ്ട് ഈ ഡാം തീരേണ്ടെ. നിവേദകസംഘത്തോട് എക്സിക്യൂട്ടീവ് എഞ്ചിനീയറും കളക്ടറും പറഞ്ഞത് മെയിൻ കനാലിലുള്ള സിൽറ്റ് റിമൂവ് ചെയ്യാനുള്ള ഫണ്ട് ഇല്ലെന്നാണ്. ആനയെ വാങ്ങാം. തോട്ടിവാങ്ങാൻ പൈസ ഇല്ലെന്നു പറഞ്ഞതു പോലെയാണ്, ഡാമിൽ ഇപ്പോഴും വെള്ളമുണ്ട്. കൃഷിക്കാർക്ക് വെള്ളം ആവശ്യമാണ്. കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. സിൽറ്റ് റിമൂവ് ചെയ്യാനുള്ള ഫണ്ടില്ലെന്നാണ് നിവേദക സംഘത്തോട് പറഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കണം. അവിടെ വെള്ളമുണ്ടായിട്ടും കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. വെള്ളമില്ലാതെ കൃഷി നശിച്ചുപോകാതിരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, 3-9-1985-ന് ചുള്ളിയാർ ഡാം തുറന്ന് വെള്ളം കൊടുത്തുകഴിഞ്ഞു. ഇപ്പോൾ പയ്യന്നൂർ ഏരിയായിൽ വെള്ളം ആവശ്യമില്ലെന്ന് രേഖാമൂലം അവർ തന്നെ അഭ്യർത്ഥിച്ചതുകൊണ്ടാണ് അത് പൂട്ടിയത്. കൃഷിക്ക് വെള്ളം വിട്ടുതരണമെന്ന് അവർ വീണ്ടും പറഞ്ഞ പ്രകാരം 20-9-1985-ൽ കനാൽ തുറന്നു. മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ ജലസേചനം ആരംഭിച്ചിട്ടുണ്ട്. ഇലവഞ്ചേരി പഞ്ചായത്തിൽ രണ്ടുദിവസത്തിനകം വെള്ളം എത്തിക്കുന്നതായിരിക്കും, സിൽറ്റ് നീക്കം ചെയ്തില്ല എന്നു പറഞ്ഞത് ശരിയല്ല. 8-10-1985 വച്ച് ടെണ്ടർ വിളിച്ചിട്ടുണ്ട്. ചുള്ളിയാർ, മീൻകര എന്നീ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള 4.85 ലക്ഷം രൂപയിൽ രണ്ടുലക്ഷത്തിൽ ചിലവാനം രൂപ ഇതുവരെ ചെലവഴിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിനു വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly